File No.SJD/102034/2019-D3

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :19/08/2020
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - ജി.എസ്.ടി രജിസ്ട്രേഷന് എടുക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1.ജി.എസ്.ടി ആക്ട് 2017
2.എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 15.06.2020 ലെ എസ്.ജെ-1/819/2019 നമ്പർ കത്ത്.

സൂചന ആക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ആക്ട് പ്രകാരം എതെങ്കിലും വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സേവനം ആവശ്യപ്പെടുന്ന സ്ഥാപനങ്ങളോ വ്യക്തികളോ സേവന ദാതാക്കളിൽ നിന്നും ടി ആക്ടിലെ ഷെഡ്യൂൾഡിൽ നിശ്ചയിച്ചിരിക്കുന്ന വിധത്തിലുള്ള ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. സേവന ദാതാക്കളിൽ നിന്നും ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണമെങ്കിൽ ടി സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷന് നേടിയിരിക്കണം. ജി.എസ്.ടി രജിസ്ട്രേഷന് എടുക്കാത്തതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഏറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിച്ച തുക ചെലവഴിക്കാന് കഴിയാതെ തിരിച്ചടച്ചതായി സൂചന(2) പ്രകാരെ അറിയിച്ചിരിക്കുന്നു.അതാത് സാമ്പത്തിക വർഷം അനുവദിക്കുന്ന തുക അതാത് വർഷത്തിൽ ചെലവഴിക്കാതിരിക്കുന്നത് സ്ഥാപന മേധാവികളുടെ വീഴ്ചയാണ് . അതിനാൽ ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ഈ കത്ത് കിട്ടി 30 ദിവസത്തിനകം ജി.എസ്.ടി രജിസ്ട്രേഷന് എടുക്കേണ്ടതാണ്. ജി.എസ്.ടി രജിസ്ട്രേഷന് ഇല്ലാത്തതിന്റെ പേരിൽ ബില്ലുകൾ മാറാതിരുന്നാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ സാമൂഹ്യനീതിഓഫീസർമാർക്ക് മാത്രമായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി